THE VILLAGE INTERNATIONAL SCHOOL
"We Nurture Dreams"
AIM HIGH, TOGETHER WE FLY

MALAYALAM REVISION GRADE -8

- **താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തി യെഴുതുക.**

ഒരാളുടെ യാത്രയിലെ അനുഭവങ്ങൾ (ഇന്ദ്രിയാനുഭവങ്ങൾ, ഭാഷകൾ, സൗഹൃ ദങ്ങൾ,സംവാദങ്ങൾ,ചിന്തകൾ) വായനക്കാരിലേക്ക് പകർന്നു നൽകുന്ന രചനകളാണ് യാത്രാവിവരണങ്ങൾ. ഒരു സ്ഥലത്തിൻെറ, ദേശത്തിൻെറ വസ്തുനിഷ്ഠമായ വിവരണം, കാലവിവരണം, ജനതയുടെ ജീവിതവിവരണം, ചരിത്രസ്മൃതികൾ, സംസ്കൃതി – എന്നുവേണ്ട യാത്രികൻ കാണുന്ന സ്ഥലത്തിൻെറ സമ്പൂർണ്ണജ്ഞാനമാണ് യാത്രാ വിവരണം വായനക്കാരിലേക്ക് പകരുന്നത്. രസകരമായ വസ്തുത, നല്ല യാത്രാവിവരണ രചയിതാവ് താൻ സഞ്ചരിക്കുന്ന വഴിയിലൂടെ വായനക്കാരനെ കൈപിടിച്ചു നടത്തി 'അതുകണ്ടോ, ഇതുകണ്ടോ' എന്നിങ്ങനെ ഓരോന്നും കാണിച്ചു കൊടുക്കുകയാണ്. പ്രത്യക്ഷാനുഭവപ്രതീതി സൃഷ്ടിക്കുന്നതോടൊപ്പം ചില സ്മരണകളും അവ ഉളവാക്കു ന്നുണ്ട്.

യാത്രാവിവരണമേഖലയെ സംബന്ധിച്ചിടത്തോളം സമ്പന്നമാണ് നമ്മുടെ സാഹിത്യം. 'വർത്തമാനപുസ്തകം' മുതൽ ധാരാളം യാത്രാവിവരണങ്ങൾ നമുക്കുണ്ടായിട്ടുണ്ട്. യാത്രാ വിവരണങ്ങളെ മലയാളിയുടെ പ്രിയപ്പെട്ട വായനാനുഭവമാക്കിയത് എസ്.കെ. പൊറ്റക്കാട്ട് ആണ്. സ്ഥലകാലങ്ങളും ചരിത്രവിവരണങ്ങളും നേരിട്ടനുഭവമാക്കി തന്ന അത്ഭുത രചനാവിരുന്നാണ് എസ്.കെയുടെ എല്ലാ യാത്രാവിവരണങ്ങളും. നൈൽഡയറി, കാപ്പിരി കളുടെ നാട്ടിൽ, സിംഹഭൂമി, ബാലിദ്വീപ് തുടങ്ങി മലയാളത്തിന് വായനയുടെ നവ്യാനു ഭവം പകർന്ന ധാരാളം രചനകൾ അദ്ദേഹ ത്തിൻെറ തൂലികയിൽ നിന്ന് ജന്മമെടു ത്തിട്ടുണ്ട് .

1. യാത്രാവിവരണങ്ങൾ വായനക്കാർക്ക് പകർന്നു നൽകുന്നത് എന്തെല്ലാം?
2. യാത്രാവിവരണത്തെ സംബന്ധിച്ച രസകരമായ വസ്തുതയെന്ത് ?
3. മലയാളത്തിലെ ആദ്യത്തെ യാത്രാവിവരണം ഏത് ?
4. യാത്രാവിവരണത്തെ മലയാളിക്ക് പ്രിയപ്പെട്ട വായനാനുഭവമാക്കിയതാര് ?
5. എസ്. കെയുടെ യാത്രാവിവരണങ്ങൾ ഏതെല്ലാം ?

I. **അർഥം എഴുതുക.**

1. **ചേല**
2. **ചെമ്മുള്ള**
3. **പെട്ടകം**

II. **പര്യായ പദങ്ങളെഴുതുക**

1. **അമ്മ - ജനനി, മാതാവ്**
2. **പാല് - ക്ഷീരം, ദുഗ്ദ്ധം**

III. **നാനാർഥം**

1. **ആശ**
2. **കൂറ**

IV. **വിപരീതം**

1. ആരംഭം
2. പൂർണ്ണം

V. **ഉത്തരമെഴുതുക.**

1. കുഞ്ചൻ നമ്പ്യാർ ഏത് രാജാവിൻെറ സദസ്സിലെ അംഗമായിരുന്നു ?
2. അർജുനൻെറ പിതാവ് ആര് ?
3. കുഞ്ചൻ നമ്പ്യാർ ആദ്യമായി തുള്ളൽ അവതരിപ്പിച്ചത് ഏത് ക്ഷേത്രത്തിലാണ് ?
4. തുള്ളൽ പ്രസ്ഥാനത്തിൻെറ ഉപജ്ഞാതാവ് ആര് ?
5. തുള്ളൽ എത്ര വിധം? ഏതെല്ലാം ?
6. 'കനകംമൂലം കാമിനിമൂലം' ഏത് തുള്ളൽ കൃതിയുടെ ഭാഗമാണ് ?
7. എഴുത്തച്ഛൻ അറിയപ്പെട്ടിരുന്നത് ഏതെല്ലാം പേരുകളിലാണ് ?
8. ലഘുക്കുറിപ്പ് തയ്യാറാക്കുക - കിളിപ്പാട്ട് പ്രസ്ഥാനം.
9. പൂവ് അതിൻെറ ബാല്യം പിന്നിട്ടതെങ്ങനെ ?
10. ശ്രീഭൂവിലസ്ഥിര എന്ന് കവിക്ക് തോന്നാൻ കാരണമെന്ത് ?